**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2708** **22-01-2021 - ൽ മറുപടിയ്ക്ക്**

**ഇ.എസ് .എ യുടെ അതിരുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ. സി . ജോസഫ് | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | ഹരിത ട്രിബ്യൂണൽ 2014-ൽ അംഗീകരിക്കുകയും ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ ആയി പുറപ്പെടുവിക്കുകയും ചെയ്ത കേരള ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ വെബ് സൈറ്റിലുള്ള പ്ലാൻ തന്നെയാണോ ഇപ്പോഴും പരിസ്ഥിതി പ്രാധാന്യമുള്ള മേഖലകളുടെ ( ഇ.എസ്.എ.)അതിരുകൾ നിശ്ചയിക്കുന്നത്; വിവരം നല്കാമോ; | (എ) | അതെ. 2018, ഒക്ടോബർ 3-ലെ കരട് ഇ.എസ്.എ. വിജ്ഞാപനപ്രകാരം കേരള ബയോഡൈവേഴ്സിറ്റി ബോർഡിന്റെ വെബ്സൈറ്റിലുള്ള പ്ലാൻ തന്നെയാണ് നിലവിൽ ഇ.എസ്.എ. വില്ലേജുകളുടെ അതിരുകളായി കണക്കാക്കുന്നത്. |
| (ബി) | ഈ വെബ് സൈറ്റിൽ ഇപ്പോൾ ലഭ്യമായ 187 ജിയോകോർഡിനേറ്റുകൾ കൃഷി ഭൂമികളിലൂടെയും ജനവാസ മേഖലകളിലൂടെയുമാണ് കടന്ന് പോകുന്നതെന്ന ജനങ്ങളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാനുള്ള എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കേരളത്തിന്റെ സവിശേഷ സാഹചര്യം പരിഗണിച്ച് ജനവാസ കേന്ദ്രങ്ങളേയും കൃഷിയിടങ്ങളേയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നും, സംരക്ഷിത വനപ്രദേശങ്ങൾ, ലോകപൈതൃക സംരക്ഷണപട്ടികയിലുള്ള പ്രദേശങ്ങൾ, റിസർവ്വ് വനങ്ങൾ, എന്നിവയെ മാത്രമേ ഇ.എസ്.എ-യുടെ പരിധിയിൽ ഉൾപ്പെടുത്താവൂ എന്നും, 92 വില്ലേജുകളിലായി 8656.46 ച.കി.മീ സ്ഥലം മാത്രം ഇ.എസ്.എ. ആയി നിശ്ചയിക്കാവൂ എന്നുമാണ് കേന്ദ്ര സർക്കാരിനോട് (16.06.2018-ലെ 271/എ2/ഫ017/പരി. നമ്പർ കത്ത് പ്രകാരം) ശിപാർശ ചെയ്തിട്ടുള്ളത്. പ്രസ്തുത ശിപാർശകൾ പരിഗണിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ്. |
| (സി) | ഹരിത ട്രിബ്യൂണലിന്റെ തീരുമാനം അനുസരിച്ച് ഏറ്റവും ചെറിയ യൂണിറ്റ് വില്ലേജ് ആണെന്നിരിക്കെ കൃഷി ഭൂമികളെ അടുത്തുള്ള വില്ലേജുകളിൽ ലയിപ്പിക്കുവാനോ പുതിയ വില്ലേജുകൾ രൂപീകരിക്കാനോ ഉള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ഇത് സംബന്ധിച്ച് നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ